LIBRARY ARCHIVES Kerala Legislative Assembly

പൂഞ്ഞാർ ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം

223(969) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തിടനാട് പഞ്ചായത്ത് പതിമൂന്നാം വാർഡിൽ ചിറ്റാർ പുഴയിൽ പള്ളി ചപ്പാത്ത് ഭാഗത്ത് ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ദീർഘകാലമായുള്ള ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്ന പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ചേരി ഒറവം പുറത്ത് തടയണ നിർമ്മാണം

224(970) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി മണ്ഡലത്തിലെ ഒറവംപുറത്ത് തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മലപ്പുറം-മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ ഒറവംപുറത്ത് തടയണ നിർമ്മാണ പ്രവൃത്തിക്ക് ബഡ്ജറ്റ് 2021-22 അനുബന്ധം 11-ൽ 100 ശ്രപ ടോക്കൺ പ്രൊവിഷൻ വെച്ചിട്ടുള്ളതാണ്. (സീരിയൽ നമ്പർ 1046). മേൽ പ്രവൃത്തിക്ക് ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് ഡ്രോയിംഗും ഡിസൈനും ഐ.ഡി.ആർ.ബി.-യിൽ നിന്നും ലഭിച്ചിട്ടുള്ളതനുസരിച്ച് ഡി.എസ്.ആർ -2018 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.